# പതിനാലാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2714 06/02/2018 -ലെ മറുപടി

## ഡാം റീഹാബിലിറ്റേഷൻ ആന്റ് ഇംപ്രൂവ്മെന്റ് പദ്ധതി

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. കെ. കൃഷ്ണൻകുട്ടി<br>ശ്രീ. എ.കെ.ശശീന്ദ്രൻ<br>ശ്രീ. കോവൂർ കുഞ്ഞുമോൻ<br>ശ്രീ. കെ.ബി.ഗണേഷ് കുമാർ | | മാത്യു ടി. തോമസ്സ്<br>(ജലവിഭ വകുപ്പുമന്ത്രി) |
| എ)ഡാം റിഹാബിലിറ്റേഷൻ ആന്റ് ഇംപ്രൂവ്മെന്റ് (ഡിആർഐപി) എന്ന കേന്ദ്ര പദ്ധതിയിലൂടെ സംസ്ഥാനത്ത് നടത്തി വരുന്ന പ്രവർത്തനങ്ങൾ വിശദീകരിക്കുമോ; | എ) | ജലസേചന വകുപ്പിന് കീഴിലുള്ള പതിനാറ് " അണക്കെട്ടുകളുടെ നവീകരണവും പുനരുദ്ധാരണവും" നടത്തി അവ സുരക്ഷിതമായി നിലനിർത്തുക എന്നതാണ് ഡി.ആർ. ഐ.പി. (ഡാം റിഹാബിലിറ്റേഷൻ ആന്റ് ഇംപ്രൂവ്മെന്റ് പദ്ധതി) യുടെ പ്രധാന ഉദ്ദേശ്യം. ഈ പദ്ധതിയുടെ monitoring നും consultancy യ്ക്കും വേണ്ടി കേന്ദ്ര ജലകമ്മീഷൻ (CWC) Central Project Monitoring Unit ആയി പ്രവർത്തിച്ചു വരുന്നു. നവീകരണ പ്രവൃത്തി അത്യാവശ്യമായ മലമ്പുഴ, പോത്തുണ്ടി, ചുള്ളിയാർ, മീൻകര, കാഞ്ഞിരപ്പുഴ, മലങ്കര, ചിമ്മിനി, പഴശ്ശി, പെരിയാർവാലി, മൂലത്തറ, കല്ലട, വാഴാനി, പീച്ചി, നെയ്യാർ, വാളയാർ, കുറ്റിയാടി എന്നീ പതിനാറു ഡാമുകൾ/ബാരേജുകൾ/റെഗുലേറ്ററുകൾ കൂടാതെ 19 ഡാമുകളുടെ സർവ്വിലൻസ്, ഇൻസ്ട്രുമെന്റേഷൻ (ശിരുവാണി, പമ്പ, മംഗലം എന്നിവ കൂടി ഉൾപ്പെടു |

ത്തി) എന്നിവയും തിരുവനന്തപുരത്തെ ഡാം സേഫ്റ്റി ഹെഡ്ക്വാർട്ടേഴ്സിന്റെ നിർമ്മാണവുമാണ് DRIP പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കി വരുന്നത്. ഇതു കൂടാതെ അണക്കെട്ടു സുരക്ഷാ വിഭാഗ ത്തിന്റെ ശാക്തീകരണവും പദ്ധതിയിൽ ഉ ൾപ്പെടുത്തിയിട്ടുണ്ട്.

ബി) പദ്ധതിയുമായി ബന്ധപ്പെട്ട് സംസ്ഥാനത്തിന് ഇതുവരെ അനുവ ദിച്ചതും ലഭിച്ചതുമായ തുക എത്ര യാണ്; എത്ര രൂപ വിനിയോഗി ച്ചിട്ടു ണ്ട്; വിശദാംശം ലഭ്യമാ ക്കുമോ?

ബി) DRIP പദ്ധതിക്കായി 360 കോടി രൂപയ്ക്ക് GO(MS)7/2016/WRD, 29/01/2016 തീയതി പ്രകാരം പുതുക്കിയ ഭരണാനുമതി നല്കുകയുണ്ടായി. ഈ പദ്ധതിക്കായി നാളി തുവരെ (ഡിസംബർ 2017) 135.35 കോടി രൂപ വിനിയോഗിച്ചു. ഈ പദ്ധതിയിൽ സംസ്ഥാന ബഡ്ജറ്റ് വിഹിതത്തിൽ നിന്നു ള്ള തുക ഇതിനകം വിനിയോഗിച്ചു കഴിഞ്ഞു. Interim Unaudited Financial Report (IUFR) സമർപ്പിക്കുന്ന മുറക്ക് reimburse ചെയ്തു കിട്ടുന്നതാണ്. ഇപ്രകാരം ഏപ്രിൽ 2017 വരെ 55.77 കോടി രൂപ reimburse ചെയ്തു കിട്ടി കഴിഞ്ഞു. ചെലവാക്കിയ തുകയുടെ പ്രതിവർഷ വിശ ദാംശം ചുവടെ ചേർക്കുന്നു.

| Year | State Budget Provision | Expenditure in Crores |
|---|---|---|
| 2012 - 2013 | 42.5 | 0.0085 |
| 2013 - 2014 | 40 | 2.49 |
| 2014 - 2015 | 30 | 6.47 |
| 2015 - 2016 | 40 | 7.37 |
| 2016 - 2017 | 40 | 39.93 |

| | | |
|---|---|---|
| 2017 – 2018 | 250 | 79.08 |
| **ആകെ (ഡിസംബർ 2017)** | | **135.3485 കോടി രൂപ** |

സെക്ഷൻ ഓഫീസർ